Deshabhimani 3.12.17

# വെള്ളീച്ച ആക്രമണം: പരിഭ്രാന്തി വേണ്ടെന്ന് സർവകലാശാല

തൃശൂർ > തെങ്ങുകളിൽ കണ്ടുവരുന്ന റുഗോസ് വെള്ളീച്ചയുടെ ആക്രമണത്തിൽ കർഷകർ പരിഭ്രാന്തരാകേണ്ടതില്ലെന്ന് കാർഷിക സർവകലാശാല അറിയിച്ചു.

എതിർപ്രാണികളുടെ സാന്നിധ്യവും ഇതോടൊപ്പം കാണപ്പെടുന്നുണ്ടെന്നും അതുമൂലം വെള്ളീച്ചകൾ നശിക്കുമെന്നും സർവകലാശാല അറിയിപ്പിൽ പറഞ്ഞു. കർഷകർ വെള്ളീച്ചയെ നശിപ്പിക്കാൻ കീടനാശിനി പ്രയോഗിക്കുന്നത് ഒഴിവാക്കണം. തെങ്ങ് കൂടാതെ തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുന്ന വാഴയിലും ഈ കീടത്തിന്റെ ആക്രമണം വ്യാപകമായി കാണുന്നുണ്ട്.

റുഗോസ് വെള്ളീച്ചയുടെ ആക്രമണം വിളവിനെ കാര്യമായി ബാധിക്കുന്നതല്ലെന്ന് സർവകലാശാലാ ശാസ്ത്രജ്ഞർ പറഞ്ഞു. മാത്രമല്ല, വെള്ളീച്ചയുടെ ആക്രമണമുള്ള തോട്ടങ്ങളിലൊക്കെ അതിന്റെ എതിർപ്രാണികളുടെ പ്രത്യേകിച്ചും എൻകാർസിയ ഗ്വാഡലോപെ എന്ന പരാദത്തിന്റെ സജീവസാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

പാലക്കാട്ട് പല ഭാഗങ്ങളിലും കാർഷികസർവകലാശാല നടത്തിയ നിരീക്ഷണങ്ങളിൽ പരാദങ്ങൾ 80-90 ശതമാനംവരെ വെള്ളീച്ചകളെ നശിപ്പിക്കുന്നതായി കാണാൻ കഴിഞ്ഞു.